പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 305 13-10-2011 -ൽ മറുപടിക്ക്.

## മൊബൈൽ ടെസ്റ്റിംഗ് ലബോറട്ടറികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ | | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) | |
| (എ) | മദ്യപരിശോധന നടത്തുന്നതിന് മൊബൈൽ ടെസ്റ്റിംഗ് ലബോറട്ടറികൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; | (എ) | ഉണ്ട്. ഇതിനായി, എക്സൈസ് കമ്മീഷണറും, ചീഫ് കെമിക്കൽ എക്സാമിനറുമായും ചർച്ച ചെയ്യുകയും, ആദ്യഘട്ടമെന്ന നിലയിൽ, ദക്ഷിണ മേഖലയിൽ ഒരു ലാബ് സ്ഥാപിക്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം ലാബുകളിലൂടെ, മദ്യഷോപ്പുകളിലൂടെ വിൽക്കപ്പെടുന്ന മദ്യം തൽസമയം പരിശോധനയ്ക്ക് വിധേയമാക്കാനും, അതുവഴി ഗുണനിലവാരം ഉറപ്പാക്കുന്നതിനും, മായം കലർന്ന മദ്യവില്പന തടയുന്നതിനും, വ്യാജമദ്യവില്പനയ്ക്കെതിരെ അടിയന്തിര നിയമ നടപടികൾ സ്വീകരിക്കുവാനും കഴിയുന്നതാണ്. |
| (ബി) | ഇതുവഴി മദ്യ പരിശോധനയിൽ ഏതുതരത്തിലുള്ള മാറ്റമാണ് ഉദ്ദേശിക്കുന്നത്; | (ബി) | മദ്യം, തൽസമയം പരിശോധനയ്ക്ക് വിധേയമാക്കാനും, അതുവഴി ഗുണനിലവാരം ഉറപ്പാക്കുന്നതിനും, മായം കലർന്ന മദ്യവില്പന തടയുന്നതിനും, വ്യാജമദ്യവില്പനയ്ക്കെതിരെ അടിയന്തിര നിയമ നടപടികൾ സ്വീകരിച്ചു കൊണ്ട് ഇത്തരം മദ്യവില്പന പൂർണ്ണമായും തടയുവാനും, ശുദ്ധമായ മദ്യം ഷോപ്പുകളിലൂടെ വില്പന നടത്തുവാനും കഴിയുന്നതാണ്. |
| (സി) | ഇതിന്റെ ചുമതല നിർവ്വഹിക്കുന്നത് ഏതു റാങ്കിലുള്ള ഉദ്യോഗസ്ഥനാണ്; | (സി) | എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, ജൂനിയർ സയന്റിഫിക് ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ ലാബ് പ്രവർത്തിപ്പിക്കുന്ന കാര്യം പരിഗണിച്ചു വരുന്നു. |
| (ഡി) | സംസ്ഥാന വ്യാപകമായി മൊബൈൽ ടെസ്റ്റിംഗ് ലബോറട്ടറികൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ആദ്യഘട്ടമെന്ന നിലയിൽ, ദക്ഷിണ മേഖലയിൽ സ്ഥാപിച്ച് വിജയകരമാണെങ്കിൽ സംസ്ഥാനത്തെ മറ്റ് മേഖലകളിലും മൊബൈൽ ടെസ്റ്റിംഗ് ലബോറട്ടറികൾ സ്ഥാപിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ